79 (1044) ടൗണുകളെ ബന്ധപ്പെടുത്തി ബസ് സർവ്വീസ്

ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഓരോ ടൗണുകളെയും പരസ്പരം ബന്ധിപ്പിച്ചുകൊണ്ട് ബസ് സർവ്വീസുകളാരംഭിക്കുവാനുള്ള നിർദ്ദേശങ്ങൾ ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ;

(ബി) പ്രസ്തുത നിർദ്ദേശം നടപ്പാക്കുവാൻ കഴിയുമോ;

(സി) ഇപ്പോൾ ഏതെല്ലാം ടൗണുകൾ തമ്മിൽ ബന്ധപ്പെടുത്തി ഇത്തരം ബസ് സർവ്വീസ് നടത്തുന്നുണ്ട്;

(ഡി) ഇത് ലാഭകരവും കാര്യക്ഷമവുമാണോ എന്നു വിശദീകരിക്കുമോ?

ഉത്തരം

(എ) ഇത്തരം സർവ്വീസുകൾ ഇപ്പോൾതന്നെ നിലവിലുണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) കേരളത്തിലെ എല്ലാ മുഖ്യടൗണുകളെയും പരസ്പരം ബന്ധിപ്പിച്ചുകൊണ്ട് ഇത്തരം സർവ്വീസുകൾ നടത്തുന്നുണ്ട്.

(ഡി) മിക്കവാറും സർവ്വീസുകളും ലാഭകരമായാണ് സർവ്വീസ് നടത്തുന്നത്. ബസുകളുടെയും ജീവനക്കാരുടെയും ലഭ്യതയനുസരിച്ച് ഇത്തരം സർവ്വീസുകൾ കൂടുതൽ കാര്യക്ഷമമാക്കുവാൻ ശ്രമിക്കുന്നുണ്ട്.

80 (1045) കേരള മോട്ടോർ വെഹിക്കിൾ റൂൾസിൽ ഭേദഗതി

ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമഗ്രമായ ഒരു ഗതാഗത സമ്പ്രദായം പ്രഖ്യാപിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ കാര്യം ട്രേഡ് യൂണിയനുകളുമായി ചർച്ച ചെയ്യുമോ;

(സി) കേരള മോട്ടോർ വെഹിക്കിൾ റൂൾസിൽ ഭേദഗതി വരുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) സ്റ്റേജ് കാര്യേജുകളുടെ എണ്ണം നിയന്ത്രിക്കാൻ നടപടി കൈക്കൊള്ളുമോ;

(ഇ) വാഹനാപകടം തടയാൻ സർക്കാർ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ)&(ബി) ഒരു ഗതാഗതനയം ആവിഷ്കരിക്കാൻ ഗവൺമെന്റ് ശ്രമിച്ചുവരികയാണ്.

(സി) ഇക്കാര്യം പരിശോധിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) മോട്ടോർ വാഹന നിയമത്തിലെ 71(3) സെക്ഷൻ പ്രകാരം കേന്ദ്രാനുമതിയോടെ നോട്ടിഫിക്കേഷൻ വഴി അഞ്ച് ലക്ഷത്തിൽ അധികം ജനസംഖ്യയുള്ള നഗരങ്ങളിൽ സിറ്റി റൂട്ടിലെ സ്റ്റേജ് കാര്യേജുകൾ നിയന്ത്രിക്കാവുന്നതാണ്. ഇതനുസരിച്ച് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് നഗരങ്ങളിൽ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

(ഇ) വാഹനാപകടം കുറയ്ക്കുന്നതിനായി ചീഫ് സെക്രട്ടറിയും ബന്ധപ്പെട്ട വകുപ്പു തലവൻമാരും ഉൾപ്പെട്ട ഒരു ഹൈപവർ കമ്മിറ്റി രൂപീകരിക്കുകയും റോഡു സുരക്ഷാ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുകയും ചെയ്തു. കമ്മിറ്റിയുടെ തീരുമാനപ്രകാരം താഴെപ്പറയുന്ന നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

1. ഡ്രൈവിംഗ് ലൈസൻസ് നൽകുന്ന പ്രക്രിയ നവീകരിച്ചു.

2. ബ്രീത്ത് അനലൈസറുടെ സഹായത്താൽ മദ്യപിച്ച് വാഹനം ഓടിക്കുന്നവരെ ശിക്ഷിക്കുവാൻ നടപടി സ്വീകരിച്ചു.

3. അമിത ഭാരം കയറ്റുന്നത് തടയാൻ നടപടി സ്വീകരിച്ചു.

4. അധികം യാത്രക്കാരെ കയറ്റുന്നത് തടയാൻ നടപടി സ്വീകരിച്ചു.

5. ട്രാൻസ്പോർട്ട് വാഹനങ്ങളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്ന സമ്പ്രദായം നവീകരിച്ചു.

6. ട്രാഫിക്ക് ക്രിമിനൽകുറ്റങ്ങളിൽ ഏർപ്പെടുന്നവരുടെ ലൈസൻസ് സസ്പെൻഡ് ചെയ്യുവാനും റദ്ദുചെയ്യുവാനും വ്യവസ്ഥയുണ്ടാക്കി.

7. റോഡു സുരക്ഷാവാരാചരണത്തിലൂടെ ജനങ്ങളെ ബോധവൽക്കരിക്കാൻ നടപടികളെടുത്തു. ഇത്തരം നടപടികൾ തുടർന്നും കൈക്കൊള്ളുന്നതാണ്.

81 (1046) ഡ്രൈവിംഗ് ലൈസൻസ് ലഭിക്കുന്നതിനുള്ള നടപടികൾ

പ്രൊഫ്. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി ഡ്രൈവിംഗ് ലൈസൻസ് ലഭിക്കുന്നതിന് എന്തെല്ലാം പുതിയ നിർദ്ദേശങ്ങളാണ് ഇപ്പോൾ ഏർപ്പെടുത്തിയിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ;

(ബി) ലേണേഴ്സ് ഉൾപ്പെടെയുള്ള ലൈസൻസ് ലഭിക്കുന്നതിന് പുതിയ പരിഷ്കാരത്തിലെ ചില വ്യവസ്ഥകൾ പൊതുജനങ്ങൾക്ക് ചില പ്രായോഗിക വൈഷമ്യങ്ങൾ ഉളവാക്കുന്നു എന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തെല്ലാം വൈഷമ്യങ്ങളാണ് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതെന്നും അവ പരിഹരിക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങൾ നൽകുവാനാണ് ഉദ്ദേശിക്കുന്നതെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഡ്രൈവിംഗ് ലൈസൻസ് കർശനവും സുതാര്യവും ആക്കുന്നതിന്റെ ഭാഗമായി 20-7-98 മുതൽ പുതിയ രീതി പ്രാബല്യത്തിൽ വരുത്തുകയു

LIBRARY ARCHIVES Kerala Legislative Assembly